ലവൽവരെ എത്തിയിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് ഞാൻ നേരിട്ട് പരാതിയും തന്നു. ഇങ്ങനെയുള്ള കെട്ടിടങ്ങൾ പൂർത്തിയാക്കുന്നതിനെങ്കിലും കുട്ടികളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനു വേണ്ടി അടിയന്തിരമായി എമൗണ്ട് അനുവദിച്ച് തരണം. അതുപോലെതന്നെ ഇപ്പോൾ ഫിറ്റ്നസ് സർട്ടിഫിക്കറ് കൊടുക്കുന്നതിന് ഇപ്പോൾ പി. ഡബ്ല്യൂ. ഡി. യെയാണ് സമീപിക്കേണ്ടത്. അതിന്റെ ഒരു വിംഗ്—എൻജിനിയറിംഗ് വിംഗ്—എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ ഉണ്ടാകാൻ വേണ്ട നടപടി സ്വീകരിക്കാമോ?

ശ്രീ. ടി. എം. ജേക്കബ് : ഭാഗികമായി പ്രവർത്തനം നടത്തുകയും നിറുത്തിവയ്ക്കുകയും ചെയ്തിരിക്കുന്ന കുറേ വിദ്യാലയങ്ങളുണ്ട്. ഇതിൽ കരാറുകാരുമായി പി. ഡബ്ല്യൂ. ഡി. ഉണ്ടാക്കുന്ന എഗ്രിമെന്റുണ്ട്. ചില സന്ദർഭങ്ങളിലൊക്കെ പണി നിറുത്തിപ്പോയാൽ പിന്നീട് ചില നടപടിച്ചട്ടങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. അങ്ങനെ ഏതാനും വിദ്യാലയങ്ങൾ ഭാഗികമായി നിർമ്മാണം പൂർത്തിയാക്കി നിറുത്തിവച്ചിരിക്കുകയാണ്. അങ്ങനെയുള്ള കെട്ടിടങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഏതെങ്കിലും രീതിയിൽ കോൺട്രാക്ടറെക്കൊണ്ട് നടത്തിക്കുകയോ അല്ലെങ്കിൽ അവരെ ടെർമിനേറ് ചെയിതിട്ട് മറ്റുള്ള ആളുകളെക്കൊണ്ട് അത് ഏറെറടുത്ത് നടത്തിക്കുകയോ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഫിറ്റ്നസ് സർട്ടിഫിക്കറ് കൊടുക്കുന്നതാണെങ്കിൽ പി. ഡബ്ല്യൂ. ഡി. എഞ്ചിനീയർമാരാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഞാൻ ആദ്യം സൂചിപ്പിച്ചതു പോലെ സ്റ്റാറ്റ്യൂട്ടറി ഓബ്ലിഗേഷനായിട്ട് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ട്. അതിനുവേണ്ടി കെ. ഇ. ആർ.ൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ലെവലിലുള്ള ഒരു വ്യക്തിയെയാണ് അതിനുവേണ്ടി ഉദ്ദേശിക്കുന്നത്. അതിന് ലോക്കൽ ബോഡീസിന്റെ എഞ്ചിനിയേഴ്സ് ആയാലും കുഴപ്പമില്ല. ഇതിനുവേണ്ടി ഒരു പ്രത്യേക വിംഗ് രൂപീകരിക്കുന്നതിനു ബുദ്ധിമുട്ടുണ്ട്.

## (ii) അടിയന്തിര ചോദ്യോത്തരങ്ങൾ

### മാവൂർ ഗ്വാളിയർ റയോൺസിലെ തൊഴിൽ സ്തംഭനം

* 1 [130]. ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്വാളിയർ റയോൺസിൽ തൊഴിൽസ്തംഭനം എത്ര കാലമായി തുടരുന്നു ;

(ബി) തൊഴിൽ സ്തംഭനം ഒഴിവാക്കി കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി എന്ത് നടപടികൾ സ്വീകരിച്ചു ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) 7-7-1985 മുതൽ.

(ബി) തൊഴിൽവകുപ്പ് ഇടപ്പെടുകയും നിരവധി അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചുകൂട്ടി ചർച്ചകൾ നടത്തുകയും ചെയ്തു.

ശ്രീ. കെ. മൂസ്സക്കുട്ടി : ഈ കമ്പനിയിൽ സ്തംഭനം തുടങ്ങിയിട്ട് എത്രവർഷമായി എന്നാണ് എന്റെ ചോദ്യം. കമ്പനി പൂട്ടിയ തീയതിയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. അവിടെ സ്തംഭനം തുടങ്ങിയിട്ട് വർഷങ്ങളേറെയായി. ആ സ്തംഭനം ഒഴിവാക്കുന്നതിന് വേണ്ടി, ആ വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നും എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നു പറഞ്ഞില്ല. എന്റെ ചോദ്യം, സ്തംഭനം എന്ന് ആരംഭിച്ചു എന്നും അതിനുവേണ്ടിയുള്ള പരിഹാര മാർഗ്ഗങ്ങൾ എന്തൊക്കെ ചെയ്തു എന്നുമാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ തീയതിക്കുശേഷം നാലുകോൺഫറൻസുകൾ മാത്രമാണ് കൂടിയിട്ടുള്ളത്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ പതിനായിരക്കണക്കിനുതൊഴിലാളികളുടെ പട്ടിണിയും ഈ രാജ്യത്തിന്റെ സാമ്പത്തിക പ്രയാസവും കണക്കിലെടുത്ത് ഒരു വലിയ സ്ഥാപനം തുറക്കുന്നതിന്, സ്തംഭനം ഒഴിവാക്കുന്നതിനും അതിനു ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനും ഉള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. അതാണ് സമരം നീണ്ടു പോകാനുണ്ടായ കാരണം. മുഖ്യമന്ത്രി തന്നെ രണ്ടുമൂന്നു പ്രാവശ്യം ഇടപെട്ടുവെങ്കിലും മാനേജുമെന്റിന്റെ വാദങ്ങൾക്കെതിരായിട്ട് യാതൊരു കാര്യവും പറഞ്ഞില്ല. ഗവൺമെന്റ് വച്ചു നീട്ടിയ നിർദ്ദേശങ്ങൾ മാനേജുമെന്റ് തള്ളിക്കളഞ്ഞിട്ടും ഇപ്പോഴും പോലീസിന്റെ അടക്കം സഹായം കൊടുത്ത് പണിമുടക്കും സ്തംഭനവും നീട്ടിക്കൊണ്ടുപോകുകയാണ്. അതുകൊണ്ട് അടിയന്തിരമായി റാമെറ്റീരിയൽസ് കൊടുത്തുകൊണ്ടും അതുപോലെ ആ സ്ഥാപനങ്ങൾ തുറക്കാൻ മാനേജുമെന്റിനു ചെയ്യേണ്ട സഹായങ്ങൾ ചെയ്തുകൊണ്ടും. അവിടുത്തെ തൊഴിൽ പ്രശ്നങ്ങളിൽ തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ചും ഗവൺമെന്റ് നിർദ്ദേശം കൊടുത്തുകൊണ്ടും പ്രശ്നങ്ങൾ പരിഹരിച്ച് കമ്പനി തുറക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ : ബഹുമാനപ്പെട്ട മെമ്പർ യഥാർത്ഥ പ്രശ്നമെന്താണെന്ന് സൂചിപ്പിക്കുകയുണ്ടായി. റാമെറ്റീരിയലിന്റെ പ്രശ്നമുണ്ട്. നമ്മുടെ വനങ്ങളിൽ അവയിലബിളായിട്ടുള്ള റാമെറ്റീരിയൽസ് മാത്രമേ സ്റ്റേറ്റിന് കൊടുക്കാൻ കഴിയൂ. അങ്ങനെ കൊടുക്കാമെന്ന് ഫോറസ്റ്റ് മീനിസ്റ്ററും മുഖ്യമന്ത്രിയുമൊക്കെ ചർച്ചകളിൽ പറഞ്ഞിട്ടുള്ളതാണ്. അങ്ങനെ കൊടുക്കുമ്പോൾ, വിലയെ സംബന്ധിച്ച കാര്യങ്ങൾ പരിഗണിക്കുമ്പോൾ സ്റ്റേറ്റിന്റെ താല്പര്യങ്ങൾ കൂടി പരിഗണിച്ച് മാത്രമേ എന്തെങ്കിലും തീരുമാനമെടുക്കുന്നതിനു കഴിയൂ. മുൻപ് ഫോറസ്റ്റിൽ നിന്നും തടിവെട്ടുന്നതിനെ സംബന്ധിച്ച് നിയന്ത്രണമില്ലാതിരുന്ന കാലത്ത്, കൂടുതൽ റാമെറ്റീരിയൽസ് ലഭ്യമായിരുന്നു. ഇപ്പോൾ അത് ലഭ്യമല്ല. കർണ്ണാടകത്തിൽ നിന്നും കൊണ്ടുവരുവാനും നിവൃത്തിയില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സ്തംഭനം 7-7-1985-ലാണ് ആരംഭിച്ചത്. അതിനുമുൻപ് ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. അന്ന് റാമെറ്റീരിയൽസ് കുറഞ്ഞുപോയതുകൊണ്ട് കാഷ്വൽ ലേബറേഴ്സ് ആയിട്ടുള്ള ആളുകളെയെല്ലാം പിരിച്ചു വിടണം, അല്ലാതെ കമ്പനി നടത്തിക്കൊണ്ടു പോകാൻ നിവൃത്തിയില്ല എന്നൊരു നിലപാട് മാനേജുമെന്റ് എടുത്തു. അന്നു മുഖ്യമന്ത്രിയുടെ ലെവലിൽ വരെ കോൺഫറൻസ് നടത്തുകയും ആ കോൺഫറൻസിൽ വച്ച് അവർക്ക് ജോലി കൊടുത്ത് ഒരു സെറ്റിൽമെന്റ് ഉണ്ടാക്കാമെന്നു പറയുകയും അങ്ങനെ സെറ്റിൽമെന്റ് ഉണ്ടാകുകയുമാണ് ചെയ്തത്. എന്നാൽ അങ്ങനെ കിട്ടിയവർക്കെല്ലാം തന്നെ മുഴുവൻ ജോലി ഉടൻവേണം എന്നു പറഞ്ഞു. ഒരു ഭാഗത്ത് റാമെറ്റീരിയലിന്റെ അവയിലബിലിറ്റി കുറയുകയും മറുഭാഗത്ത് ഇവർക്കെല്ലാം മുഴുവൻ ജോലിയും കൊടുക്കണമെന്ന രീതിയിൽ അവർ വാദിക്കുകയും ചെയ്തുവെന്നുള്ളതാണ് അതിന്റെ അടിസ്ഥാനപരമായ പ്രശ്നം. കൂടാതെ മറ്റുചില ലോങ്ങ്ടേം സെറ്റിൽമെന്റിന്റെ കാര്യവും ഉണ്ട്. ഗവൺമെന്റ് ചെയ്യാവുന്ന എല്ലാ കാര്യവും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ സ്റ്റേറ്റിന്റെ മുഖ്യമന്ത്രി തന്നെ നേരിട്ട് ഫ്ലർപ്പാടു

LIBRARY ARCHIVES Kerala Legislative Assembly

കയ്യ ചെയ്യുക, ഡെൽഹിയിൽ പോയി ബിർലാഫേമുമായിട്ട് നേരിട്ട് ബന്ധപ്പെടുക തുടങ്ങിയ അസാധാരണമായ നടപടികളും ചെയ്തിട്ടുണ്ട്. ഇന്നു മൂന്നു മണിക്ക് കോൺഫറൻസ് വച്ചിരിക്കുകയാണ്. ഒരു രണ്ട് ജിപ്പിൽ എത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. മൂസ്സക്കുട്ടി : ഇന്നത്തെ കോൺഫറൻസിലും ധാരണ പുതുക്കാൻ ഗവൺമെൻറ് തയ്യാറായില്ലെങ്കിൽ ഈ സ്ഥാപനം അടിയന്തിരമായി ഇൻഡ്യാ ഗവൺമെൻറ് ഏറ്റെടുത്തുനടത്താനാവശ്യമായ നടപടികളും സ്വീകരിക്കുവാൻ ഇൻഡ്യാ ഗവൺമെൻറിനോട് സംസ്ഥാന ഗവൺമെൻറ് ആവശ്യപ്പെടുമോ?

ശ്രീ. കെ. ശിവദാസൻ : നടത്താനിരിക്കുന്ന കോൺഫറൻസിനുമുൻപ് അതിനെപ്പറ്റി എന്തെങ്കിലും ആൻറീസിപ്പേറ്റ് ചെയ്തു പറയുന്നത് കോൺഫറൻസിന് അനുകൂലമായിരിക്കുമെന്നു ഞാൻ കരുതുന്നില്ല.

ശ്രീ. കെ. വി. രാമൻ : 7-7-1985-ൽ കമ്പനി പൂട്ടിയതിനുശേഷം പല പ്രാവശ്യം കണ്ടീസിലിയേഷൻ നടത്തിയപ്പോഴെല്ലാം തന്നെ പ്രധാനമായും മാനേജ്മെൻറിൻെറ ഭാഗത്തുനിന്നു ഉണ്ടായ ഒരു പ്രശ്നം റാമെറീറിയൽസ്സിൻെറ കാര്യമായിരുന്നു. എന്നാൽ ഒരു വർഷത്തിലധികം ഈ കമ്പനി തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ട റാമെറീറിയൽസ് മാനേജ്മെൻറിൻെറ കൈവശമുണ്ടെന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ : എത്രമാത്രം റാമെറീറിയൽസ് മനേജ്മെൻറിൻെറ കൈയിലുണ്ടെന്നു ഗവൺമെൻറിനു കൃത്യമായ കണക്കില്ല.

## റിപ്പറെ ചോദ്യം ചെയ്യണമെന്ന ആവശ്യം

* 2 [131] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കർണ്ണാടക പോലീസ് കസ്റ്റഡിയിലുള്ള റിപ്പറെ, കേരളാ പോലീസ് ചോദ്യം ചെയ്യാനാവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള പ്രതികരണമെന്താണ് ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർരവി) :

(എ) ഇതിനായി ഒരു പെറ്റീഷൻ ഉടുപ്പി കോടതിയിൽ അന്വേഷണോദ്യോഗസ്ഥൻമാർ സമർപ്പിച്ചിട്ടുണ്ട്.

(ബി) കോടതിയിൽ നിന്നാണ് തീരുമാനമുണ്ടാകേണ്ടിയിരിക്കുന്നത്.

ശ്രീ. എം. വി. രാഘവൻ : ഐഡൻറിഫിക്കേഷൻ പരേഡിനു റിപ്പർ എന്നു പറയുന്ന ചന്ദ്രനെ കൊണ്ടുവരുമെന്നു പറഞ്ഞു. മജിസ്ട്രേട്ടും പോലീസും ജനങ്ങളുമെല്ലാം കാത്തുനിന്നിട്ടും വന്നില്ല. അതിൻെറ കാരണങ്ങളെന്തെങ്കിലും ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ ? അതുപോലെതന്നെ ബഹുമാനപ്പെട്ട മന്ത്രി പഴശ്ശിനിക്കടവിൽ റിപ്പർ ആക്രമണത്തെത്തുടർന്ന് അഞ്ചുപേർക്കു പരിക്കുപറ്റിയപ്പോൾ അവിടെ വന്നു. ഏഴാളുകളെ കാസർകോട്ട് മരിക്കുകയും ചെയ്തു. അപ്പോൾ അവർക്ക്, നഷ്ടപരിഹാരം എന്ന അർത്ഥത്തിലല്ലെങ്കിലും സഹായം ചെയ്യാൻ ഗവൺമെൻറ് സൗകര്യം ചെയ്യും എന്നു പറഞ്ഞു. എന്തെങ്കിലും സൗകര്യം ചെയ്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly